## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗവും മിനിസ്റ്റീരിയൽ വിഭാഗവും തമ്മിൽ ഏകോപനം സാദ്ധ്യമാക്കുന്നതിനായി സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ(സാധാ)നം. 1547/2014/തസ്വഭവ    തിരുവനന്തപുരം, തീയതി: 19.06.2014.**

---

പരാമർശം:- 18.06.2014 തീയതിയിലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ **2.2** നമ്പർ തീരുമാനം

### <u>ഉത്തരവ്</u>

പരാമർശ തീരുമാന പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗവും മിനിസ്റ്റീരിയൽ വിഭാഗവും തമ്മിൽ ശരിയായ ഏകോപനം സാദ്ധ്യമാക്കുന്നതിനായി ജില്ലകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറായി, തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ) എന്നിവരുൾപ്പെടുന്ന സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

എല്ലാ തിങ്കളാഴ്ചകളിലും സമിതി കൂടി പദ്ധതി രൂപീകരണ പുരോഗതി വിലയിരുത്തി റിപ്പോർട്ട് അന്നു തന്നെ പഞ്ചായത്ത് ഡയറക്ടർക്കും, സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർക്കും ഇ-മെയിലായി നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**സി.വത്സല**
**ഗവ. ജോയിന്റ് സെക്രട്ടറി**

ജില്ലാ പ്ലാനിംഗ് ഓഫീസർ (എല്ലാ ജില്ലകളിലേയും)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (എല്ലാ ജില്ലകളിലേയും)
അസിസ്റ്റന്റ് ഡെപ്യൂട്ടി കമ്മീഷണർ (ജനറൽ)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ